പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1357

14-06-2013 ൽ

മറുപടിയ്ക്ക്

## സി.ഡിറ്റിലെ ജീവനക്കാരെ റഗുലറൈസ് ചെയ്ത നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. എം. ഷാജി | ശ്രീ. കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പുമന്ത്രി) |
| (എ) ജി.ഒ(ആർ.ടി)222/2008/ഐ&പി.ആർ.ഡി തീയതി 29-9-2008, ജി.ഒ(എം.എസ്)2/2011/ ഐ.&പി.ആർ.ഡി തീയതി 8-2-2011 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം മുൻ സർക്കാരിന്റെ കാലത്ത് എത്ര ജീവനക്കാരെ റഗുലറൈസ് ചെയ്തിട്ടുണ്ട്; അവരുടെ പേരും റഗുലറൈസ് ചെയ്ത തസ്തികകളുടെ വിവരങ്ങളും വ്യക്തമാക്കുമോ; | എ) ജി.ഒ (ആർ.ടി)222/2008/ഐ&പി.ആർ.ഡി തീയതി 29-9-2008, പ്രകാരം 55 ജീവനക്കാരെയും ജി.ഒ (എം.എസ്) 2/2011/ഐ.&പി.ആർ.ഡി തീയതി 8-2-2011 പ്രകാരം 7 ജീവനക്കാരെയും റഗുലറൈസ് ചെയ്തിട്ടുണ്ട്. അവരുടെ പേരും റഗുലറൈസ് ചെയ്ത തസ്തികയും അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) അവരിൽ എത്ര പേർക്ക് എംസിഎ/എംബിഎ/ബിടെക്/ ഡോക്ടറേറ്റ് യോഗ്യതകൾ ഉണ്ട്; ഈ യോഗ്യതകൾ അവർ നേടിയ യൂണിവേഴ്സിറ്റികളുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ; ആ യൂണിവേഴ്സിറ്റി ബിരുദങ്ങൾ കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി ബിരുദങ്ങൾക്ക് തത്തുല്യമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ അവർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; | ബി) MCA, MBA, B-Tech ഉള്ളവരുടെ പേര് അനുബന്ധം II ആയി ചേർക്കുന്നു. ഇവരിൽ രണ്ടുപേർ കേരളത്തിലെ യൂണിവേഴ്സിറ്റി ബിരുദങ്ങൾക്ക് തത്തുല്യമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു. |
| (സി) സി.ഡിറ്റിൽ ജീവനക്കാർക്ക് തസ്തിക പുനഃനാമകരണം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഇപ്രകാരം എത്ര റഗുലർ/കരാർ ജീവനക്കാർക്ക് തസ്തിക പുനഃനാമകരണം നൽകിയിട്ടുണ്ട്. അവരുടെ പേരും നിലവിലെ തസ്തികകളുടെ വിവരങ്ങളും ലഭ്യമാക്കാമോ; | സി) വിവിധ പ്രോജക്ടുകളുടെ സുഗമമായ പ്രവർത്തനത്തിനും അതിന്റെ ഏകോപനത്തിനുമായി ചില തസ്തികകൾ മറ്റു സാമ്പത്തിക ബാധ്യത ഒന്നും ഇല്ലാതെ പുനർനാമകരണം ചെയ്തിട്ടുണ്ട്. 35 റഗുലർ ജീവനക്കാരുടെയും 13 കരാർ ജീവനക്കാരുടെയും തസ്തിക പുനർനാമകരണം ചെയ്തിട്ടുണ്ട്. ഇവരുടെ പേരും നിലവിലെ തസ്തികയും അനുബന്ധം IV ആയി ചേർക്കുന്നു. |

(ഡി) സി.ഡിറ്റിലെ ജീവനക്കാരുടെ ഏതെങ്കിലും സംഘടനയുടെ ഭാരവാഹിയാണോ തസ്തിക പുന:നാമകരണം വഴി ലാ ഓഫീസറായി സേവനം അനുഷ്ടിക്കുന്നത്; ആ സംഘടന സി.ഡിറ്റിനെതിരായി എത്ര കേസ്സുകൾ നാളിതുവരെ വിവിധ കോടതികളിൽ ഫയൽ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസ്സുകളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

ഡി) അതെ, പ്രസ്തുത സംഘടന സി-ഡിറ്റിനെതിരായി ഫയൽ ചെയ്ത ഒരു കേസ് ബഹു. കോടതിയുടെ പരിഗണനയിലുണ്ട്.

(ഇ) പ്രസ്തുത വ്യക്തി ഓഫീസർ തസ്തികയിൽ തുടരുന്നത് നിമിത്തം ഏതെങ്കിലും കേസ്സുകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിയ്ക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത്തരം കേസ്സുകളിന്മേൽ തുടർ നടപടികൾ സ്വീകരിയ്ക്കുവാൻ എന്ത് ക്രമീകരണങ്ങളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഇ) സി-ഡിറ്റ് എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറി, ലോ ഓഫീസർ തസ്തികയിൽ തുടരുന്നത്, സി-ഡിറ്റിനെതിരെ അസോസിയേഷൻ സമർപ്പിച്ച കേസുകളുടെ നടത്തിപ്പിനെ ബാധിക്കാതിരിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**